"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -മെഡിക്കൽ വിദ്യാഭ്യാസം -അസറ്റ് മെയിന്റനൻസ് ഫണ്ട് 2025-26- കോട്ടയം മെഡിക്കൽ കോളേജിലെ വിവിധ മരാമത്ത് അറ്റകുറ്റ പണികൾ - ബിൽ തുകകൾ റിലീസ് ചെയ്തു ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1147/2026/H&FWD    തീയതി,തിരുവനന്തപുരം, 17-03-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം.760/2023/ആ.കു.വ. തീയതി 30.03.2023
2. സ.ഉ.(സാധാ) നം.961/2025/ആ.കു.വ. തീയതി 29.03.2025
3. സ.ഉ.(സാധാ) നം.3592/2025/ആ.കു.വ. തീയതി 14.11.2025
4. സ.ഉ.(സാധാ) നം.549/2026/ആ.കു.വ. തീയതി 09.02.2026
5. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 24.02.2026 തീയതിയിലെ എ3/2193/2022/മെ.വി.വ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ 2022-23 സാമ്പത്തിക വർഷത്തെ അസറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് വിവിധ മരാമത്ത് പണികൾ ചെയ്യുന്നതിനായി പരാമർശം (1)ലെ ഉത്തരവ് പ്രകാരം '2210-05-105-61 (നോൺ പ്ലാൻ)' ശീർഷകത്തിനു കീഴിൽ ₹2,56,60,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം നീട്ടി നൽകിയിരുന്നു. പ്രസ്തുത ഭരണാനുമതി ഉത്തരവിലെ 'Ladies House Surgeons Quarters Repair works & amp; Flooring urgent repair works of Toilet Block (A Block) and Repair works of Flooring in B block' (ക്രമ നം 3) എന്ന പ്രവൃത്തിയുടെ ആദ്യ ഘട്ടത്തിലെ പണി പൂർത്തീകരിച്ച വകയിലെ പാർട്ട് ബിൽ തീർപ്പാക്കുന്നതിനായി ₹20,61,947/- രൂപ പരാമർശം (4)ലെ ഉത്തരവ് പ്രകാരം റിലീസ് ചെയ്തു നൽകിയിരുന്നു.

2. പരാമർശം (1) ലെ ഭരണാനുമതി ഉത്തരവിൽ ക്രമ നമ്പർ 3 ആയി ഉൾപ്പെട്ടിട്ടുള്ള 'Ladies House Surgeons Quarters Repair works & amp; Flooring urgent repair works of Toilet Block (A Block) and Repair works of Flooring in B block' എന്ന പ്രവൃത്തിയുടെ രണ്ടാമത്തെയും അന്തിമ ബിൽ തുകയുമായ 23,37,687/- രൂപയും ക്രമ നമ്പർ 12 ആയി ഉൾപ്പെട്ടിട്ടുള്ള 'Renovation of pay ward toilet block in 4th floor and Re-arranging existing sewer lines at O&G and amp; G Block' എന്ന പ്രവൃത്തിയുടെ ആദ്യത്തെയും പാർട്ട് ബിൽ തുകയുമായ ₹6,75,100/- രൂപയും ചേർത്ത് ആകെ ₹30,12,787/- രൂപ കരാറുകാരന് വിതരണം

ചെയ്യുന്നതിനായി '2210-05-105-61(നോൺ പ്ലാൻ)' ശീർഷകത്തിൽ നിന്നും അനുവദിക്കാനും ടി തുക പൊതുമരാമത്ത് വകുപ്പിന് തുക കൈമാറുന്നതിനുള്ള അനുവാദവും നൽകണമെന്നും പരാമർശം (5)ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ 2022-23 സാമ്പത്തിക വർഷത്തെ അസറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് വിവിധ മരാമത്ത് പണികൾ ചെയ്യുന്നതിനായി പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയവയിൽ ക്രമ നമ്പർ 3 ആയി ഉൾപ്പെട്ടിട്ടുള്ള 'Ladies House Surgeons Quarters Repair works & amp; Flooring urgent repair works of Toilet Block (A Block) and Repair works of Flooring in B block' എന്ന പ്രവൃത്തിയുടെ രണ്ടാമത്തെയും അന്തിമ ബിൽ തുകയുമായ ₹23,37,687/- രൂപയും ക്രമ നമ്പർ 12 ആയി ഉൾപ്പെട്ടിട്ടുള്ള 'Renovation of pay ward toilet block in 4th floor and Re-arranging existing sewer lines at O&G and amp; G Block' എന്ന പ്രവൃത്തിയുടെ ആദ്യത്തെയും പാർട്ട് ബിൽ തുകയുമായ ₹6,75,100/- രൂപയും ചേർത്ത് ആകെ **₹30,12,787/- രൂപ (മുപ്പതുലക്ഷത്തി പന്ത്രണ്ടായിരത്തി എഴുനൂറ്റി എൺപത്തിയേഴ് രൂപ മാത്രം)** കരാറുകാരന് വിതരണം ചെയ്യുന്നതിനായി **'2210-05-105-61(നോൺ പ്ലാൻ)'** ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും, ടി തുക പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. തുക കൈമാറുന്നതിന് മുൻപായി ബില്ലുകളുടെ കൃത്യത മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, കോട്ടയം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് - എ) വകുപ്പ് (നം.2758711/എച്ച്.എൽ.റ്റി.-എ2/17/2023-ധന-പാർട്ട്(1) തീയതി 13.03.2026 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/205/2022-HEALTH )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 17-03-2026 12:42:47
സെക്ഷൻ ഓഫീസർ